മുഖ്യമന്ത്രി (ശ്രീ പി. കെ. വാസുദേവൻ നായർ):

(എ, ബി) ഇതുസംബന്ധിച്ച് പോലീസ് കോൺസ്റ്റബിൾ 2264 കൃഷ്ണനെ അന്വേഷണവിധേയനായി 11-8-1979 മുതൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(സി, ഡി) ഈ സംഭവത്തെപ്പറ്റി അന്വേഷണം നടത്തുവാൻ ഡിസ്ട്രിക്ട് ജഡ്ജ് ശ്രീ. ജി. ശ്രീധരൻ നായരെ ഗവൺമെന്റ് അന്വേഷണ കമ്മീഷനായി 9-9-1979-ൽ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ അന്വേഷണ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞ് ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ കുറ്റക്കാരാണെന്നു തെളിയുന്നപക്ഷം അവർക്കെതിരെ തക്കതായ നടപടി സ്വീകരിക്കുന്നതാണ്.

1979-ൽ നടന്ന പോലീസ് വെടിവെയ്പുകൾ

*11 [7] ശ്രീ. എം. കെ. കൃഷ്ണൻ:
,, പി. ആർ. ശിവൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979-ൽ ഇതുവരെ സംസ്ഥാനത്ത് എവിടെയെല്ലാം പോലീസ് വെടിവെയ്പ് നടത്തിയിട്ടുണ്ട്;

(ബി) വെടിവെയ്പിന്റെ ഫലമായി എത്ര പേർ മരണമടഞ്ഞു;

(സി) ഏതിനെല്ലാം അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്; ഏതുതരം അന്വേഷണങ്ങൾ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 8-8-1979-ൽ കൊടുങ്ങല്ലൂരിൽ.

(ബി) മേൽ സൂചിപ്പിച്ച വെടിവെയ്പിൽ ഒരാൾ കൊല്ലപ്പെട്ടു.

(സി) മുകളിൽ സൂചിപ്പിച്ച വെടിവെയ്പിനെപ്പറ്റി ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

വിദ്യാർത്ഥിസമരം

*12 [12] ശ്രീ. പി. കരുണാകരൻ:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, എം. കെ. കൃഷ്ണൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, എ. പി. കുര്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വിവിധ വിദ്യാർത്ഥിസംഘടനകളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഈയിടെ നടന്ന വിദ്യാർത്ഥിസമരം അവസാനിപ്പിക്കാൻ ഗവൺമെന്റ് നൽകിയ ഉറപ്പുകൾ എന്തെല്ലാം;

(ബി) അവ നടപ്പിലാക്കാൻ എന്തു നടപടികൾ എടുത്തു?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) 1. സർവ്വകലാശാലകളിലെ പ്രൈവറ്റുരജിസ്ട്രേഷനെക്കുറിച്ചും അപ്രകാരം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ചും പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിന് ഒരു ഏകാംഗ കമ്മീഷനെ നിയമിക്കാമെന്നു ഗവൺമെന്റ് സമ്മതിച്ചു. പ്രൈവറ്റു രജിസ്ട്രേഷൻ ക്രമേണ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നും അതിനിടയിൽ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് എന്തെല്ലാം ചെയ്യണമെന്നും അതിനു വേണ്ടി വരുന്ന സാമ്പത്തിക ബാദ്ധ്യത എന്തുമാത്രമായിരിക്കും എന്നും കമ്മീഷൻ അന്വേഷിക്കുന്നതായിരിക്കും. രണ്ടുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷനോട് ആവശ്യപ്പെടാമെന്ന് ഗവൺമെന്റ് ഉറപ്പു നൽകിയിട്ടുണ്ട്.

2. പ്രൈവറ്റ് രജിസ്ട്രേഷനുള്ള ഫീസ് ഏകീകരിക്കണമെന്ന് കേരളാ-കോഴിക്കോട് സർവ്വകലാശാലകളോട് ഗവൺമെന്റ് നിർദ്ദേശിക്കാമെന്നു സമ്മതിച്ചിട്ടുണ്ട്.

3. സാങ്കേതിക വിദ്യാലയങ്ങളുടെയും, വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എത്രയും വേഗം ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

4. ഹൈസ്ക്കൂൾ സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള കമ്മിറ്റിയിൽ വിദ്യാർത്ഥി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താമെന്ന് സമ്മതിച്ചിട്ടുണ്ട്.

5. അടുത്തവർഷം കൂടുതൽ കോളേജുകളിൽ ഷിഫ്റ്റ് ഏർപ്പെടുത്താൻ കഴിയുമോ എന്ന് ഗവൺമെന്റ് പരിശോധിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്.

6. ഹരിജന വിദ്യാർത്ഥികളുടെയും, സംഗീത കോളേജു വിദ്യാർത്ഥികളുടെയും പ്രശ്നങ്ങളും പരിഹരിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്.

(ബി) 1. റവന്യൂബോർഡ് മെമ്പർ ശ്രീ. സക്കറിയ മാത്യുവിനെ ഏകാംഗകമ്മീഷനായി നിയമിച്ചു. രണ്ടു മാസത്തിനകം കമ്മീഷന്റെ റിപ്പോർട്ടു ആവശ്യപ്പെട്ടിട്ടുണ്ട്.

2. കേരളാ-കോഴിക്കോട് സർവ്വകലാശാലാധികൃതരോട് പ്രൈവറ്റ് രജിസ്ട്രേഷനുള്ള ഫീസ് ഏകീകരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

3. സാങ്കേതിക വിദ്യാലയങ്ങളുടെയും, സാങ്കേതിക വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 20-9-1979-ൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി.

LIBRARY ARCHIVES Kerala Legislative Assembly

4. ഹൈസ്ക്കൂൾ പരിഷ്ക്കരണക്കമ്മറ്റിയിൽ ഒരു വിദ്യാർത്ഥി പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടികളെടുത്തു വരുന്നു.

5. അടുത്ത വർഷം കൂടുതൽ കോളേജുകളിൽ ഷിഫ്റ്റ് ഏർപ്പെടുത്താൻ കഴിയുമോ എന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലാണ്.

6. ഹരിജൻ വിദ്യാർത്ഥികളുടെയും സംഗീത കോളേജ് വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ ഗവൺമെൻറിൻെറ പരിഗണനയിലാണ്.

മജിസ്ട്രേട്ടു കോടതികൾ

*13[13] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാതലത്തിൽ ഉറപ്പുകൾ നൽകിയതനുസരിച്ച് എത്ര ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടു കോടതികൾ എവിടെയെല്ലാം സ്ഥാപിച്ചു;

(ബി) ഇനി എവിടെയെല്ലാം സ്ഥാപിക്കുവാനുണ്ട്;

(സി) ഇനിയും അവശേഷിക്കുന്ന കോടതികൾ എന്നു സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) കണ്ണൂരിൽ ഒരു ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടു കോടതി സ്ഥാപിക്കുകയും, തളിപ്പറമ്പ്, മഞ്ചേരി, എറണാകുളം, പറവൂർ, ഇരിങ്ങാലക്കുട, അമ്പലപ്പുഴ എന്നിവിടങ്ങളിലെ സെക്കണ്ട് ക്ലാസ് കോടതികൾ ഫസ്റ്റ് ക്ലാസ് കോടതികളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(ബി) താമരശ്ശേരി, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, വൈക്കം.

(സി) കോടതികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് അവസാന തീരുമാനമായിട്ടില്ല.

പോലീസ് സേനയിലേക്ക് നടന്ന റിക്രൂട്ട്മെൻറ്

*14[14] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലേക്ക് ഈ അടുത്ത കാലത്ത് നടന്നതായ റിക്രൂട്ട്മെൻറിൽ അഴിമതി നടന്നിട്ടുള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായ എത്ര പരാതികൾ ഗവൺമെൻറിന് ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം പോലീസ് റിക്രൂട്ട്മെൻറിൽ നടന്നതായി പറയപ്പെടുന്ന ആരോപണങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly